# നീളത്തിലോടിയ കാലങ്ങൾ

സൈക്കിളും സൗഹൃദവുമായിരുന്നു അവരെ ബന്ധിപ്പിച്ചിരുന്നത്.
അടുത്തടുത്ത വീടുകൾ. സ്കൂൾ മുതലേയുള്ള ബന്ധം.
കോഴിക്കോട് നഗരത്തിലെ ചെറുതും വലുതുമായ റോഡുകളിലൂടെ അവരുടെ
സൈക്കിളുകൾ പാഞ്ഞു. സൈക്കിൾ ഗ്യാങ്ങ് എന്നാണ് അവർ അറിയപ്പെട്ടിരുന്നത്.
എന്നും വൈകുന്നേരം ഒന്നിച്ചു കൂടും. സൈക്കിളിൽ സിനിമക്ക് പോവും.
ഡബിളെടുത്തതിന് ചിലപ്പോളൊക്കെ പോലിസ് പിടികൂടി സൈക്കിളിന്റെ കാറ്റൊഴിച്ചു വിടും.
അന്നേരം, കാറ്റില്ലാത്ത ടയറിൽ സൈക്കിളിനെ ഉന്തി തള്ളി വീടണയും.
പിന്നീടവർ ജീവിതത്തിന്റെ പല വഴികളിലേക്ക് തിരിഞ്ഞു.
സൗഹൃദവും അടുപ്പവും കാത്തു സൂക്ഷിക്കുമ്പോഴും
ഇപ്പോഴും അവരുടെ ഉള്ളിൽ ആ സൈക്കിൾ കാലമുണ്ട്.
പി. മുസ്തഫ, എൻ. പി ഹാഫിസ് മുഹമ്മദ്, നസീർ, പി.എ മുഹമ്മദ് കോയ, ഫസൽ, താഹിർ
എന്നിവരായിരുന്നു ഗ്യാങ്ങിലെ അംഗങ്ങൾ.
അവരിൽ ഹാഫിസ് മുഹമ്മദ് പിൽക്കാലത്ത് എഴുത്തുകാരനായി.
പി. മുസ്തഫ മലയാള മനോരമയുടെ ചീഫ് ഫോട്ടോഗ്രാഫർ.
ഇരുവരും ആ കാലത്തെ ഓർക്കുന്നു.
സവിശേഷമായ ആ സൈക്കിൾകാലം.



*സൈക്കിൾകാലത്തെ ഒരു ചിത്രം : മുസ്തഫ, ഫസൽ, ഹാഫിസ് മുഹമ്മദ്, നസീർ, താഹിർ*